**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2898 06.11.2019 -ൽ മറുപടിക്ക്

കരിയർ ഡെവലപ്മെന്റ് സെന്ററുകൾ

**ചോദ്യം**

ശ്രീ.വി.ഡി.സതീശൻ

**ഉത്തരം**

ശ്രീ. ടി.പി. രാമകൃഷ്ണൻ

(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തൊഴിൽ വകുപ്പിലൂടെ നടപ്പിലാക്കിവരുന്ന കരിയർ ഡെവലപ്മെന്റ് സെന്റർ പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാം നടപ്പിലാക്കിയിട്ടുണ്ട്; | (എ) | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ, ആലപ്പുഴ ജില്ലയിലെ കായംകുളം, തിരുവനന്തപുരം ജില്ലയിലെ പാലോട്, നെയ്യാറ്റിൻകര, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നിവിടങ്ങളിലാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്. |
| (ബി) | കരിയർ ഡെവലപ്മെന്റ് സെന്റർ നടപ്പിലാക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (ബി) | ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് വിദ്യാഭ്യാസ-തൊഴിൽ മേഖലകളിലെ നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായ മാറ്റങ്ങളെപ്പറ്റിയും അറിവും പരിശീലനവും നൽകി ഉന്നതവിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ 2016-17 സാമ്പത്തിക വർഷം മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓരോ സി.ഡി.സി.കൾ വീതം ആരംഭിക്കുവാനാണ് ആദ്യഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. സി.ഡി.സി.കൾ ആരംഭിക്കണമെന്നാവശ്യപ്പെട്ട് ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് സ്ഥലം, കെട്ടിടം, ഫണ്ട് എന്നിവയുടെ ലഭ്യതയനുസരിച്ച് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോട് ചേർന്ന് കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | നിയമസഭയിലെ പ്രതിപക്ഷത്തുള്ള അംഗങ്ങൾ പ്രതിനിധാനം ചെയ്യുന്ന നിയോജകമണ്ഡലങ്ങളിൽ ഏതെങ്കിലും സ്ഥലത്ത് കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിച്ചിട്ടുണ്ടോ; | (സി) | ആരംഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| (ഡി) | വടക്കൻ പറവൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനൊടൊപ്പം കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; | (ഡി) | എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറയിൽ കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ വടക്കൻ പറവൂരിൽ കരിയർ ഡെവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് നിശ്ചയിച്ച് അറിയിച്ചിട്ടുണ്ടോ; | (ഇ) | കരിയർ ഡെവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്നതിലേക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടനുബന്ധിച്ച് കരിയർ ഡെവലപ്പ്മെന്റ് സെന്ററിനു മാത്രമായി 3000 Sq.ft സ്ഥലം ആവശ്യമാണ്. കരിയർ ഡവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്നതിലേക്കായി റിസപ്ഷൻ, സ്മാർട്ട് ക്ലാസ് റൂം, കമ്പ്യൂട്ടർ ലാബ്, രജിസ്ട്രേഷൻ ഹാൾ, ലൈബ്രറി, ടോയ് ലറ്റുകൾ, ഓഫീസ് കാബിനുകൾ, വെയിറ്റിങ് ഏരിയ, ഗ്രൂപ്പ് കൗൺസലിംഗ് റൂം മുതലായവ സജ്ജീകരിക്കുന്നതിലേക്കായാണ് പ്രസ്തുത 3000 Sq.ft ഉപയോഗപ്പെടുത്തുന്നത്. കൂടാതെ കരിയർ ഡവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്നതിലേക്കായി ഐ.ടി. ഓഫീസർ കം കരിയർ ഗൈഡൻസ് അസിസ്റ്റന്റ്, അസിസ്റ്റന്റ് സെന്റർ മാനേജർ കം കൗൺസിലർ എന്നിങ്ങനെ സ്റ്റാഫിനേയും നിയമിക്കേണ്ടതായിട്ടുണ്ട്. |
| (എഫ്) | കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിന് സ്ഥലം കണ്ടെത്തുന്ന കാര്യത്തിൽ വിവേചനം നിലനിൽക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**